# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2874 10.03.2017-ൽ മറുപടിയ്ക്ക്**

## ഹൈടെക്ക് ഫിഷ് മാർക്കററ്

| ചോദ്യം<br>ശ്രീ.പി.സി. ജോർജ്ജ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ ഹൈടെക്ക് ഫിഷ് മാർക്കററ് സ്ഥാപിക്കുമെന്ന് കഴിഞ്ഞ സർക്കാർ തീരുമാനിച്ച പ്രകാരം പലസ്ഥലങ്ങളിലും ഇവ സ്ഥാപിക്കാൻ നടപടിയായതു പ്രകാരം ആയതു നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയെന്നു വിശദമാക്കുമോ; | എ) ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴിയാണ് സ്ഥാപിക്കുന്നത് 39 മാർക്കറ്റിനു സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടു ണ്ട്. ഇതിൽ 34 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. 3 മാർക്കറ്റു കളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2 മാർക്കറ്റുകളുടെ നിർമ്മാണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| ബി) കേരളത്തിലെ വിവിധ മാർക്കറ്റുകളിലെ ഫിഷ് മാർക്കററുകളിൽ വൃത്തിഹീനമായ തരത്തിലാണ് മത്സ്യങ്ങൾ ജനങ്ങൾക്ക് വില്ക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) മത്സ്യമാർക്കറ്റുകളിൽ വൃത്തിഹീനമായ തരത്തിൽ മത്സ്യവിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. |
| സി) തദ്ദേശസ്വയംഭരണ വകുപ്പുമായി കൈകോർത്ത് പുതിയ പദ്ധതി നടപ്പിലാക്കി കേരളത്തിലെ മത്സ്യ മാർക്കറ്റുകൾ നവീകരിച്ച് പുറം രാജ്യങ്ങളിലെ പോലെയാക്കുവാൻ നടപടി സ്വീകരിക്കുമോ | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തീകരിച്ച മാർക്കറ്റുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടു ണ്ട്. |

**സെക്ഷൻ ആഫീസർ**